# Athmaraksha.org

പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം

## May 12



**പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം: പന്ത്രണ്ടാം തീയതി**
'ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു' (ലൂക്കാ 1:30).

**ദൈവതിരുമനസ്സിനോടുള്ള പരിശുദ്ധ കന്യകയുടെ വിധേയത്വം**
പരിശുദ്ധ കന്യക ദൈവത്തോട് കന്യാത്വം നേരത്തെ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. ദൈവദൂതൻ പരിശുദ്ധ കന്യകയെ സമീപിച്ചു കൊണ്ട് ദൈവികമായ ദൗത്യം അവളെ അറിയിച്ചു. 'നന്മ നിറഞ്ഞവളെ, നിനക്കു സ്വസ്തി, സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെ കർത്താവ് നിന്നോടുകൂടെ' എന്ന അഭിവാദനം കേട്ടപ്പോൾ പരിശുദ്ധ അമ്മ അസ്വസ്ഥയായി. കന്യകയായ തനിക്ക് എങ്ങനെ ഇത് സംഭവിക്കുമെന്ന് പരിശുദ്ധ അമ്മ ദൂതനോടു ചോദിച്ചു. ദൂതൻ ഉത്തരമായി പറഞ്ഞു: 'പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ഇതിനാൽ നിന്നിൽനിന്നു പിറക്കുന്നവൻ പരിശുദ്ധനാകുന്നു. അവൻ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്യും'.

മറിയം പറഞ്ഞു: 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കു പോലെ എന്നിൽ സംഭവിക്കട്ടെ.' മേരി എത്രമാത്രം ദൈവതിരുമനസ്സിനു വിധേയയായിരുന്നു എന്ന് നമുക്ക് ഈ വാക്കുകളിൽ നിന്ന് മനസ്സിലാക്കാം. ലോകപരിത്രാതാവിനോടൊപ്പം അനേകം യാതനകൾ അനുഭവിക്കേണ്ടതായി വരുമെന്നറിഞ്ഞിട്ടും അങ്ങേ വചനം പോലെ എന്നിൽ ഭവിക്കട്ടെ എന്നു പറയുവാൻ അവൾ സന്നദ്ധയായി.
ഈജിപ്തിലേക്കുള്ള പ്രവാസവും പ്രത്യാഗമനവും നസ്രസിലെ വിനീതമായ ജീവിതവും ദാരിദ്ര്യ ക്ലേശങ്ങളുമെല്ലാം അനുഭവിക്കാൻ അവൾ ഒരുക്കമായിരുന്നു. മിശിഹായുടെ പരസ്യ ജീവിതത്തിലും പീഡാസഹനത്തിലും കാൽവരിയിലും അവൾ 'നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ' എന്ന വാക്കുകൾ ആവർത്തിച്ചിട്ടുണ്ടാകണം.

ഒരിക്കൽ ഈശോ ജനക്കൂട്ടത്തോടു സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അവിടുത്തെ ദിവ്യജനനിയും സഹോദരിമാരും വന്നു, പുറത്തു നിന്നുകൊണ്ട് അവിടത്തോട് സംസാരിക്കുവാൻ താത്പര്യപ്പെട്ടു. 'ഇതാ, നിന്റെ അമ്മയും സഹോദരന്മാരും പുറത്തു നിൽക്കുന്നു. നിന്നോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു.' ഒരു മനുഷ്യൻ ചെന്ന് ഈശോയോട് പറഞ്ഞു. യേശുവിന്റെ മറുപടി ഇപ്രകാരമായിരിന്നു, 'ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? തന്റെ ശിഷ്യരുടെ നേരേ കൈ ചൂണ്ടി കൊണ്ട് അവൻ പറഞ്ഞു: ഇതാ, എന്റെ അമ്മയും സഹോദരരും. സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും' (വി.മത്തായി 12:48-50).

പരിശുദ്ധ കന്യകയുടെ മഹത്വത്തിനുള്ള യഥാർത്ഥമായ കാരണം അവളുടെ ദൈവതിരുമനസ്സിനോടുള്ള വിധേയത്വമാണെന്നു മിശിഹാ ഇവിടെ വ്യക്തമാക്കുന്നു. കൂടാതെ നാം ഓരോരുത്തരും ദൈവതിരുമനസ്സ് നിവർത്തിക്കുമ്പോൾ ഈശോയുമായി നമുക്ക് ഒരു നവ്യമായ ബന്ധം ഉളവാകുന്നു എന്നുള്ള വസ്തുതയും പ്രഖ്യാപിക്കുകയാണ്. 'കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവനല്ല സ്വർഗ്ഗരാജ്യത്ത് പ്രവേശിക്കുന്നത് പ്രത്യുത സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം നിർവഹിക്കുന്നവനാണ് എന്ന് ഗിരിപ്രഭാഷണത്തിൽ അവിടുന്ന് അരുളിച്ചെയ്യുന്നുണ്ടല്ലോ.
ദൈവതിരുമനസ്സിനോടുള്ള വിധേയമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം. മിശിഹായുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും ജീവിതത്തിൽ ഇത് വളരെ പ്രകടമായിരുന്നു. അനുദിന ജീവിതത്തിൽ ഓരോ നിമിഷവും ദൈവദൂതൻ സമീപിച്ച് ദൈവഹിതം നമ്മെ അറിയിക്കുന്നുണ്ട്. ദൈവപ്രമാണങ്ങൾ, തിരുസഭയുടെ കൽപനകൾ, മേലധികാരികളുടെ നിർദ്ദേശങ്ങൾ, ജീവിതച്ചുമതലകൾ എന്നിവയിലൂടെ നാം മനസ്സിലാക്കി പ്രവർത്തിക്കുന്നെങ്കിൽ നമുക്കു ഉത്തമമായി ദൈവ സേവനവും സഹോദര സേവനവും നിർവഹിക്കുവാൻ കഴിയും.

## സംഭവം

ജോൺ ഹോക്സൻഹാം എന്ന പണ്ഡിതൻ ലൂർദ്ദിലെ അരുവിയിലെ ദിവ്യജലം വഴിയായി നടക്കുന്ന രോഗശമനങ്ങളെക്കുറിച്ച് എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്. 'ഇതെഴുതുന്ന ഞാൻ ഒരു പ്രൊട്ടസ്റ്റന്റ് മതവിഭാഗമായ ഫ്രീ ചർച്ചുകാരനാണ്. റോമൻ കത്തോലിക്കരായി എനിക്ക് അനേകം മിത്രങ്ങൾ ഉണ്ടെങ്കിലും അവരിൽ പലരും അവരവരുടെ മതം വിശ്വസ്തതയോടു കൂടി അനുഷ്ഠിക്കുന്നുണ്ടെന്ന ആത്മനിന്ദാബോധത്തോടു കൂടി ജീവിക്കുന്നു. കത്തോലിക്കാ സഭയോടു എനിക്ക് യാതൊരു പ്രതിപത്തിയുമില്ല. ലൂർദ്ദിലെ ഈ അത്ഭുതങ്ങൾ സംബന്ധിച്ച് ഞാൻ യഥാർത്ഥമായി അറിഞ്ഞില്ല എന്നതു തന്നെ'.

'എന്നാൽ എന്റെ സ്വന്തം കണ്ണുകൾ കൊണ്ട് അവയെല്ലാം കാണുകയും ഹൃദയത്തിന് ബോധ്യപ്പെടുകയും ചെയ്തു കഴിഞ്ഞതിനോടു കൂടി ഈ സത്യത്തെ അംഗീകരിക്കാൻ ഞാൻ നിർബന്ധിതനായിത്തീർന്നിരിക്കുന്നു. ലൂർദ്ദിലെ രോഗശമനങ്ങൾക്ക് വലിയ സർജൻമാരും ഭിഷഗ്വരൻമാറും സാക്ഷ്യം നൽകിയിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ലൂർദ്ദിൽ ദൈവത്തിന്റെ അത്ഭുതകരമായ ആവിഷ്ക്കരണം നടക്കുന്നുണ്ട്'.
(Jonh Oxenham, The wonder of Lourdes).

## പ്രാർത്ഥന

ദിവ്യജനനി, അങ്ങ് ദൈവതിരുമനസ്സിനോട് പരിപൂർണ്ണ വിധേയമായി വർത്തിച്ചു. എല്ലാ നിമിഷത്തിലും അതു മാത്രമായിരുന്നു അവിടുത്തെ ജീവിതനിയമം. മനുഷ്യാവതാരത്തിനു സമ്മതം നൽകിയപ്പോൾ മുതൽ കാൽവരിയിലെ കുരിശിനു സമീപം നിൽക്കുമ്പോഴും അതിനുശേഷവും അവിടുന്ന് സദാ ദൈവതിരുമനസ്സ് നിറവേറ്റിയതാണ്. അവിടുത്തെ

മഹത്വത്തിന് നിദാനമെന്ന് ഞങ്ങൾ മനസ്സിലാക്കി. ദൈവമാതാവേ, അങ്ങേ വത്സലമക്കളായ ഞങ്ങളും ദൈവതിരുമനസ്സിനു പരിപൂർണ്ണമായി വിധേയരായി ജീവിക്കാനുള്ള അനുഗ്രഹം നൽകണമേ. ജീവിത ക്ലേശങ്ങളിലും പ്രലോഭനങ്ങളുടെ തിരകൾ അലയടിച്ച് ഉയരുമ്പോഴും രോഗങ്ങളും യാതനകളും അനുഭവപ്പെടുമ്പോഴും ദൈവതിരുമനസ്സാകുന്ന ദീപശിഖ ഞങ്ങൾക്കു മാർഗദർശനമരുളുവാൻ അങ്ങു സഹായിക്കണമേ.

## വിശുദ്ധ ബർണ്ണർദോസ് ദൈവമാതാവിനെ നോക്കി പ്രാർത്ഥിച്ച ജപം

എത്രയും ദയയുള്ള മാതാവേ! നിന്റെ സങ്കേതത്തിൽ ഓടി വന്ന്! നിന്റെ ഉപകാര സഹായം അപേക്ഷിച്ചു. നിന്റെ അപേക്ഷയുടെ സഹായത്തെ ഇരന്നവരിൽ ഒരുവനെങ്കിലും നിന്നാൽ കൈവിടപ്പെട്ടു എന്നു ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല എന്നു നീ നിനച്ചു കൊള്ളണമേ. കന്യാവ്രതക്കാരുടെ രാജ്ഞിയായ കന്യകേ! ദയയുള്ള മാതാവേ! ഈ വണ്ണമുള്ള ശരണത്താൽ ഉറച്ചു നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണഞ്ഞു വരുന്നു. നെടുവീർപ്പിട്ടു കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയയുടെ ആഴത്തെ കാത്തുകൊണ്ട് നിന്റെ തിരുമുമ്പിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ! എന്റെ അപേക്ഷയെ ഉപേക്ഷിക്കാതെ ദയാപൂർവ്വം കാത്തുകൊള്ളണമേ. ആമ്മേനീശോ.

ജന്മ പാപമില്ലാതെ ഉത്ഭവിച്ച ശുദ്ധ മറിയമേ! പാപികളുടെ സങ്കേതമേ! ഇതാ നിന്റെ സങ്കേതത്തിൽ ഞങ്ങൾ തേടിവന്നിരിക്കുന്നു. ഞങ്ങളുടെമേൽ അലിവായിരുന്ന് ഞങ്ങൾക്കു വേണ്ടി നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിച്ചു കൊള്ളണമേ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ. (മൂന്നു പ്രാവശ്യം ചൊല്ലുക).

## ദൈവമാതാവിന്റെ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ,
മിശിഹായെ! അനുഗ്രഹിക്കണമേ,
കർത്താവേ! അനുഗ്രഹിക്കണമേ,
മിശിഹായെ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായെ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
ആകാശങ്ങളിലിരിക്കുന്ന ബാവാ തമ്പുരാനേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദിശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന പരിശുദ്ധ ത്രിത്വമേ,
("ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ" എന്ന് ഏറ്റു ചൊല്ലുക )
പരിശുദ്ധ മറിയമേ
ദൈവകുമാരന്റെ പുണ്യജനനി,
കന്യാസ്ത്രീകൾക്കു മകുടമായ നിർമ്മല കന്യകയെ,
മിശിഹായുടെ മാതാവേ,
ദൈവപ്രസാദവരത്തിന്റെ മാതാവേ,
എത്രയും നിർമ്മലയായ മാതാവേ,
അത്യന്ത വിരക്തിയുള്ള മാതാവേ,
കളങ്കഹീനയായ കന്യാസ്ത്രീയായിരിക്കുന്ന മാതാവേ,
കന്യാവ്രതത്തിനു അന്തരം വരാത്ത മാതാവേ,
സ്നേഹഗുണങ്ങളുടെ മാതാവേ,
അത്ഭുതത്തിനു വിഷയമായിരിക്കുന്ന മാതാവേ,

സദുപദേശത്തിന്റെ മാതാവേ,
സ്രഷ്ടാവിന്റെ മാതാവേ,
രക്ഷിതാവിന്റെ മാതാവേ,
വിവേകൈശ്വര്യമുള്ള കന്യകേ,
പ്രകാശപൂർണ്ണമായ സ്തുതിക്കു യോഗ്യയായിരിക്കുന്ന കന്യകേ,
സ്തുതിപ്രാപ്തിക്കൈശ്വര്യമുള്ള കന്യകേ,
വല്ലഭമുള്ള കന്യകേ,
കനിവുള്ള കന്യകേ,
വിശ്വാസവതിയായിരിക്കുന്ന കന്യകേ,
നീതിയുടെ ദർപ്പണമേ,
ബോധജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ തെളിവിന്റെ കാരണമേ,
ആത്മജ്ഞാന പൂരിത പാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന പനിനീർ കുസുമമേ,
ദാവീദിന്റെ കോട്ടയെ,
നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയെ,
സ്വർണ്ണാലയമേ,
വാഗ്ദാനത്തിന്റെ പെട്ടകമേ,
ആകാശ മോക്ഷത്തിന്റെ വാതിലേ,
ഉഷകാലത്തിന്റെ നക്ഷത്രമേ,
രോഗികളുടെ സ്വസ്ഥാനമേ,
പാപികളുടെ സങ്കേതമേ,
വ്യാകുലൻമാരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
ബാവാന്മാരുടെ രാജ്ഞി,
ദീർഘദർശികളുടെ രാജ്ഞി,
ശ്ലീഹൻമാരുടെ രാജ്ഞി,
വേദസാക്ഷികളുടെ രാജ്ഞി,
വന്ദനീയൻമാരുടെ രാജ്ഞി,
കന്യാസ്ത്രീകളുടെ രാജ്ഞി,
സകല! പുണ്യവാന്മാരുടെയും രാജ്ഞി,
അമലോൽഭവയായിരിക്കുന്ന രാജ്ഞി,
സ്വർഗ്ഗാരോപിതയായിരിക്കുന്ന രാജ്ഞി,
പരിശുദ്ധ ജപമാലയുടെ രാജ്ഞി,
സമാധാനത്തിന്റെ രാജ്ഞി,
കർമ്മല സഭയുടെ അലങ്കാരമായിരിക്കുന്ന രാജ്ഞി.

ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സർവ്വേശ്വരന്റെ പുണ്യസമ്പൂർണ്ണയായ മാതാവേ, ഇതാ നിന്റെ പക്കൽ ഞങ്ങൾ

ആശ്രയിക്കുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ത്യജിക്കല്ലേ. ഭാഗ്യവതിയും ആശീർവദിക്കപ്പെട്ടവളുമായ അമ്മേ, സകല ആപത്തുകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ. സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

കർത്താവേ! മുഴുവൻ മനസ്സോടു കൂടെ അങ്ങയുടെ മുമ്പിൽ നിൽക്കുന്ന ഈ കുടുംബത്തെ തൃക്കൺപാർത്ത് എപ്പോഴും കന്യകയായിരിക്കുന്ന മറിയത്തിന്റെ അപേക്ഷയാലെ സകല ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന്! കൃപ ചെയ്ത് രക്ഷിച്ച് കൊള്ളണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ച് ഞങ്ങൾക്കു നീ തന്നരുളണമേ. ആമ്മേൻ.

## ജപം

പരിശുദ്ധ രാജ്ഞി, കരുണയുടെ മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ സ്വസ്തി! ഹവ്വായുടെ പുറംതള്ളപ്പെട്ട മക്കളായിരിക്കുന്ന ഞങ്ങൾ അങ്ങേപ്പക്കൽ നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ! അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ! തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനു ശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീത ഫലമായ ഈശോയെ, ഞങ്ങൾക്കു കാണിച്ചു തരണമേ, കരുണയും വാത്സല്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ. സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

സർവശക്തനും, നിത്യനുമായിരിക്കുന്ന സർവ്വേശ്വരാ, ഭാഗ്യവതിയായിരിക്കുന്ന മറിയത്തിന്റെ ആത്മാവും ശരീരവും റൂഹാദക്കുദിശായുടെ അനുഗ്രഹത്താലെ നിന്റെ ദിവ്യപുത്രന് യോഗ്യമായ പീഠമായിരിപ്പാൻ പൂർവികമായി നീ നിയമിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ ഇവരുടെ അനുഗ്രഹമുള്ള അപേക്ഷയാലെ ഈ ലോകത്തിലുള്ള സകല! ആപത്തുകളിൽ നിന്നും നിത്യമരണത്തിൽ നിന്നും രക്ഷിക്കപ്പെടുവാൻ കൃപ ചെയ്യണമേ. ഈ യാചനകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ച് ഞങ്ങൾക്കു നീ തന്നരുളണമേ. ആമ്മേൻ.

## പരിശുദ്ധ ദൈവമാതാവിനോടുള്ള അപേക്ഷ

പാപികളുടെ സങ്കേതമേ! തിരുസഭയ്ക്കു വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ!വിജാതികൾ മുതലായവർ മനസ്സു തിരിയുവാൻ വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ! രാഷ്ട്രീയാധികാരികൾ സത്യവും നീതിയും പാലിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ! മാർപാപ്പ മുതലായ തിരുസഭാധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ! അങ്ങേ പ്രിയ മക്കളായിരിക്കുന്ന ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

## സുകൃതജപം

ദൈവതിരുമനസ്സിനു സ്വയം അർപ്പിച്ച ദൈവമാതാവേ, ദൈവതിരുമനസ് അനുസരിച്ച

ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.!

+++